മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/23/2020-E1 തീയതി : 26-06-2024

## സര്ക്കുലര്

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - SECURE സോഫ്റ്റ്‌വെയര് - പുതുക്കിയ പ്രൊക്യൂര്മെന്റ് മാന്വല് പ്രകാരം LMR പുതുക്കുന്നത് – അധിക മാര്ഗ്ഗ നിര്ദ്ദേശങ്ങള് - സംബന്ധിച്ച്.

സൂചന:

1. 10.05.2016 ആം തീയതിയിലെ സ.ഉ(സാധ)നം.1640/2016/ത.സ്വ.ഭ.വ. നമ്പര് സര്ക്കാര് ഉത്തരവ്
2. 05/09/2022 ആം തീയതിയിലെ നം.ഡി.ഡി.2/316/2022/ത.സ്വ.ഭ.വ നമ്പര് സര്ക്കുലര് .
3. 04/11/2022 ആം തീയതിയിലെ MoRD യില് നിന്നുള്ള File No.L- I 3060 /16/2022-RE-VIt നമ്പര് കത്ത്.
4. 31/01/2024 ആം തീയതിയിലെ G.O.(Rt).no.265/2024/LSGD നമ്പര് സര്ക്കാര് ഉത്തരവ്
5. 27/02/2024 ആം തീയതിയിലെ - സ.ഉ.(കൈ) നം.31/2024/LSGD നമ്പര് സര്ക്കാര് ഉത്തരവ്
6. 20/05/2024 ആം തീയതിയിലെ ഈ ഓഫീസിലെ NREGA/23/2020-E1 നമ്പര് കത്ത്.

സൂചന 1 പ്രകാരം PWD Buildings Price സോഫ്റ്റ്‌വെയറില് പ്രസിദ്ധീകരിക്കുന്ന LMR ആണ് നിലവില് SECURE സോഫ്റ്റ്‌വെയറില് ഉപയോഗിച്ച് വരുന്നത്.എന്നാല് സൂചന 5 പ്രകാരം ഉള്ള പുതിയ Procurement മാനുവലില് നിഷ്കര്ഷിക്കുന്ന നടപടി ക്രമങ്ങള് പാലിച്ച് വേണം SECURE സോഫ്റ്റ്‌വെയറില് തുടര്ന്നുള്ള LMR updation നടത്തേണ്ടത്.

SECURE സോഫ്റ്റ്‌വെയറില് നിന്ന് ലഭ്യമാകുന്ന LMR ഷീറ്റിൽ ഉൾപ്പെട്ട LMR, MR കോഡുകള് ഉള്പ്പെടുന്ന എല്ലാ ഇനങ്ങളുടെയും നിരക്കുകൾ സോഫ്റ്റ്‌വെയറില് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. എന്നാൽ പുതിയ Procurement മാനുവല് പ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ജില്ലയിൽ സ്ഥിരമായി ഉപയോഗിച്ച് വരുന്ന സാധനസാമഗ്രികളുടെ പട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതും ,ടി സാധനസാമഗ്രികളുടെ നിരക്ക്, പ്രത്യേക ഊന്നല് നല്കി പരിശോധിച്ച്, ജില്ലയിലെ നിരക്ക് നിർണയ കമ്മിറ്റി അംഗീകരിച്ച് ലഭ്യമാക്കേണ്ടതാണ് .

സാധന സാമഗ്രികളുടെ റേറ്റ് നല്കുന്നതിനായി സംസ്ഥാന മിഷനില് നിന്ന് 3 excel format കള് ലഭ്യമാക്കുന്നതാണ്. ആയതിലാണ് പരിശോധനകള്ക്ക് ശേഷം അംഗീകരിച്ച അന്തിമ നിരക്ക് സമര്പ്പിക്കേണ്ടത്.

Sheet 1 - secure software ല് അപ്‌ലോഡ് ചെയ്യേണ്ടതായ LMR ഷീറ്റ്

Sheet 2 – DSoR ഇനങ്ങളുടെയും, MR 1 to 100 ന്റെയും പട്ടിക

Sheet 3 – MR 101 & above ഇനങ്ങളുടെ പട്ടിക

സൂചന 4,5 പ്രകാരമുള്ള കമ്മിറ്റികള് അടിയന്തിരമായി രൂപീകരിക്കേണ്ടതും ജില്ലാ തല നിരക്ക് നിര്ണ്ണയ നടപടികള് അടിയന്തിരമായി ആരംഭിക്കേണ്ടതും ആണ്. കമ്മിറ്റിയ്ക്ക് യഥേഷ്ടം യോഗം ചേരാവുന്നതാണെങ്കിലും സാധന സാമഗ്രികളുടെ നിരക്ക് എല്ലാ 6 മാസം കൂടുമ്പോഴും പുന: പരിശോധിക്കേണ്ടതുണ്ട്. ജില്ലാതലത്തില് നിരക്കുകള് പരിശോധിച്ച് SECURE സോഫ്റ്റ്‌വെയറില് ഉപയോഗിക്കത്തക്ക തരത്തില് അന്തിമ നിരക്ക് (GST, LOADING, UNLOADING, CONVEYANCE തുടങ്ങിയവ ഉള്പ്പടെയുള്ള നിരക്കുകള്) ജില്ലാ തല നിരക്ക് നിര്ണ്ണയ കമ്മിറ്റി ചെയർപേഴ്സൺ ആയ ജില്ല കളക്ടറുടെ അംഗീകാരത്തോടെ സംസ്ഥാന മിഷന് സമര്പ്പിക്കേണ്ടതാണ്.

ആയത് സൂചന 6 പ്രകാരം നിര്ദ്ദേശിച്ചിരുന്ന പ്രാരംഭ നടപടികളോടൊപ്പം ചുവടെ ചേര്ക്കുന്ന മാര്ഗ്ഗനിര്ദ്ദേശങ്ങള്ക്ക് അനുസൃതമായി നിര്വ്വഹിക്കേണ്ടതാണ്.

1. Price സോഫ്റ്റ്‌വെയറില് നിന്ന് LMR sheet ഉം MR (MARKET RATE) Sheet ഉം ചുവടെ കൊടുത്തിരിക്കുന്ന ലിങ്ക് ല് നിന്നും ഡൌണ്‌ലോഡ് ചെയ്യാവുന്നതാണ് https://price3.kerala.gov.in/price3_pwd/call_lmr_home.htm

2. Price സോഫ്റ്റ്‌വെയറിലും SECURE സോഫ്റ്റ്‌വെയറിലും വിവിധ വര്ഷങ്ങളിലെ CPWD Data BOOKകള് ഉപയോഗിക്കുന്നതിനാല് Price സോഫ്റ്റ്‌വെയറിലെ ചില LMR കോഡ്കള് SECURE സോഫ്റ്റ്‌വെയറില് ലഭ്യമല്ല. ആയതിനാല് പ്രസ്തുത കോഡുകളുടെ rate പരിഗണിക്കേണ്ടതില്ല.

അതുപോലെ SECURE സോഫ്റ്റ്‌വെയറില് ഉപയോഗിക്കുന്ന LMR ഷീറ്റിലെ 16 കോഡ്കള് (0309, 0310, 7309, 7382, 7742, 8625, 8762, 8763, 8764, 8765, 8766, 8767 , 8768, 8769, 8770, 8771) Price software ല് നിന്ന് ലഭിക്കുന്ന LMR SHEETല് ലഭ്യമല്ല. തൊഴിലുറപ്പ് പദ്ധതിയില് സാധാരണ ഗതിയില് ഉപയോഗം വരാത്ത ഈ ഇനങ്ങള്ക്ക് "0" value നല്കിയാല് മതിയാകും.

3. PRICE സോഫ്റ്റ്‌വെയറില് നിന്നും ലഭ്യമാകുന്ന LMR കോഡുകളുടെ ഷീറ്റും MR (1 മുതല് 100 വരെ) ഷീറ്റും സൂചന 5 പ്രകാരം ഉള്ള ജില്ലാതല നിരക്ക് നിര്ണ്ണയകമ്മിറ്റിയില് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, ഈ ഷീറ്റിലെ നിരക്കുകള് ഉയര്ന്ന പരിധിയായി വച്ച്, LMR code, MR code ഇനങ്ങൾക്ക് ജി എസ് ടി ഉൾപ്പെടുത്താതെയാണ് PRICE സോഫ്റ്റ്‌വെയറില് നിരക്ക് പ്രസിദ്ധീകരിച്ചിട്ടുള്ളതെങ്കിൽ, ഇതിനു ഉപരിയായി ഓരോ ഇനങ്ങൾക്കും ബാധകമായ GST ഉം കൂടി ചേര്ത്ത് പുതുക്കിയ നിരക്ക് നിശ്ചയിച്ചു, മേല്സൂചിപ്പിച്ച sheet 2 ല് അംഗീകരിച്ച PDF format ല് നല്കേണ്ടതാണ്.

4. തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി മാത്രമായി തയ്യാറാക്കിയിട്ടുള്ള സാധാസാമഗ്രികളുടെ പട്ടികയിലെ ഇനങ്ങളുടെ (MR കോഡ് 101 നമുകളില്) നിരക്കുകള് സൂചന 4 പ്രകാരമുള്ള ജില്ലാതല ടെക്നിക്കല് കമ്മിറ്റിയില് വച്ചു അംഗീകാരം ലഭ്യമാക്കേണ്ടത് ആണ്. പ്രസ്തുത പട്ടികയില് നിലവില് SECURE സോഫ്റ്റ്‌വെയറില് ലഭ്യമായ ഇനങ്ങളുടെ നിരക്കുകളില് മാറ്റം വരുത്തേണ്ടതുണ്ടെങ്കില് ആയതു വരുത്തിയും, ഏതെങ്കിലും പുതിയ ഇനങ്ങള് കൂട്ടിച്ചേര്ക്കേണ്ടതുണ്ടെങ്കില് ആയതിന്റെ പേരും നിരക്കും

കൂട്ടി ചേർത്തും ടി കമ്മിറ്റി അംഗീകരിച്ച്, ജില്ല തല നിരക്ക് നിർണയ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും, അംഗീകാരം ലഭിച്ചത് മേല് സൂചിപ്പിച്ച SHEET3 ല് PDF format ല് നല്കേണ്ടതാണ് .

5 . അംഗീകരിച്ച നിരക്കുകള് നിലവിലുള്ള വിവിധ സാധനസാമഗ്രികള്, പുതിയതായി ചേര്ക്കുന്നതിനായി ജില്ലകളില് നിന്നും നല്കുന്നതായി ശ്രദ്ധയില്പെട്ടിട്ടുണ്ട്. ആയതിനാല് പുതിയ ഇനങ്ങള് ഉള്പ്പെടുത്തുമ്പോള് ആവര്ത്തനം ഒഴിവാക്കുന്നതിനായി അതീവ ശ്രദ്ധ നല്കേണ്ടതാണ്. കൂടാതെ പുതിയതായി ഒരു ഇനം ചേര്ക്കാന് നല്കുമ്പോള് ആയതിന്റെ specification വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

6. ഇപ്രകാരം നിരക്കുകള് നിര്ണ്ണയിച്ച ജില്ലാതല നിരക്ക് നിര്ണയ കമ്മിറ്റി യുടെ അംഗീകാരം ലഭിച്ച sheet 2 & 3 ലെ നിരക്കുകള് sheet 1 ല് consolidation തയ്യാറാക്കി SECURE സോഫ്റ്റ്വെയറില് അപ്ലോഡ് ചെയ്യുന്നതിനായി സംസ്ഥാന മിഷനില് ലഭ്യമാക്കേണ്ടതാണ്. Sheet 2 & 3 ലെ നിരക്കുകള് തന്നെയാണ് sheet 1 ല് ലഭ്യമാക്കിയിട്ടുള്ളത് എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം **ജില്ല Engineer, MGNREGS** ല് നിക്ഷിപ്തമാണ്. സൂചന 4,5 പ്രകാരം കൂടുന്ന കമ്മിറ്റിയുടെ മിനുറ്റ്സ് ഈ ഓഫീസ് ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കേണ്ടതാണ്. പുതിയ ഐറ്റം കൂട്ടിച്ചേര്ക്കാന് നിര്ദ്ദേശിച്ചിരുന്ന ROW (sheet 3 ലെ ലാസ്റ്റ് Row) ല് അല്ലാതെ മറ്റൊരു ROW-യിലും യാതൊരു മാറ്റവും വരുത്താന് പാടുള്ളതല്ല. കൂടാതെ ഒരു ഐറ്റത്തിനുപോലും റേറ്റ് നൽകാതിരിക്കാൻ/ഒഴിച്ചിടാൻ പാടുള്ളതല്ല .റേറ്റ് ആവശ്യമില്ലെങ്കിൽ സീറോ നൽക്കേണ്ടതാണ്.

7. സൂചന 2 പ്രകാരം മേറ്റിന് അര്ദ്ധവിദഗ്ധ വേതനം നല്കുന്നതിനായി - Labour Code (Mate) 0128 - രു 700/- ആണ് റേറ്റ് ആയി നല്കേണ്ടത്.

8. SECURE ല് അപ്ലോഡ് ചെയ്യേണ്ട sheet (1), ജില്ലാതല നിരക്ക് നിര്ണ്ണയ കമ്മിറ്റി അംഗീകരിച്ച നല്കുന്ന PDF file (sheet 2 & 3 ) ന്റെ എക്സല് എന്നിവ, ജില്ല യുടെ പേരിലുള്ള zip folder ല് LMR സോണ് (sub folder) തിരിച്ച അയച്ച നല്കേണ്ടത് ആണ്.

സൂചന 3 പ്രകാരം LMR കാലാവധി കഴിഞ്ഞാൽ SECURE സോഫ്റ്റ്വെയറില് എസ്റ്റിമേറ്റ് എടുക്കാൻ സാധ്യമാകാത്ത സ്ഥിതി വരുമെന്നതിനാൽ സൂചിപ്പിച്ചിരിക്കുന്ന നടപടിക്രമങ്ങള് പൂര്ത്തീകരിച്ച ഈ ഓഫീസ് ആവശ്യപ്പെടുന്ന വേളകളിൽ സമയക്രമം കര്ശനമായി പാലിച്ച മേൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കുവാന് ആവശ്യമായ നടപടികള് സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

MISSION DIRECTOR

പകര്പ്പ് : എല്ലാ JPC മാര്ക്കും